മധുരൈയിലെ നഗറിൽ എ. ഐ. സി. സി. സമ്മേളനം നടന്നതു്. ഡി. എം. കെ. പത്രമായ 'മുരശൊലി' ചെയ്തതുപോലെ, ഈ സമ്മേളനത്തെ 'അഖിലേന്ത്യാ ബേറഫോഴ്സ് ഫാൻസ് അസോസിയേഷൻ സമ്മേളനം' എന്നു വിശേഷിപ്പിക്കുന്നതു് കുറെ കടന്ന കൈയായിരിക്കും. കാരണം, ഇപ്പോഴും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന സംഘടന കോൺഗ്രസ്സാണു്; ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഭരണം നടത്തുന്നതും കോൺഗ്രസ്തന്നെ. കോൺഗ്രസ് സംഘടനയ്ക്കു പകരം നില്ക്കാവുന്ന വിശ്വാസ്യമായ ഒരു വികല്പം ഇനിയും ഇവിടെ ഉരുത്തിരിഞ്ഞു വന്നിട്ടുമില്ല. ഇന്നത്തെ നിലയിൽ, കോൺഗ്രസ് അപ്പേ തകരുക എന്നതിനർത്ഥം ഇന്ത്യയിൽ പൂർണമായ അരാജകാവസ്ഥ നിലവിൽ വരിക എന്നതായിരിക്കും.

കോൺഗ്രസ്സിനെ പൊളിച്ചുകളയുക എളുപ്പമാണു്. (അതിനു വേണ്ടതെല്ലാം കോൺഗ്രസ്സുകാർതന്നെ ചെയ്യുന്നുണ്ടല്ലോ.) ഇന്നത്തെ അധഃപതനത്തിൽ നിന്നു് ആ സംഘടനയെ പുനരുദ്ധരിക്കുക പ്രയാസമേറിയ ഒരു കാര്യമാകുന്നു. പക്ഷേ, രാഷ്ട്രഹിതം ഈ പുനരുദ്ധാരണത്തിലാണു്. അതിനുവേണ്ടി ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ, അവർക്കു് ഉള്ളഴിഞ്ഞ സഹകരണം നൽകുകയാണു് ദേശസ്നേഹികളുടെ കർത്തവ്യം.

(25 ഏപ്രിൽ, 1988)

# 25. കോൺഗ്രസ് വിരുദ്ധ കക്ഷികൾ യോജിക്കുമോ?

പൊതുവെ ശക്തിക്ഷയം സംഭവിച്ചിട്ടുണ്ടെങ്കിലും ചില സംസ്ഥാനങ്ങളിൽ രണ്ടാമത്തെയോ മൂന്നാമത്തെയോ സ്ഥാനത്തേക്കു താഴ്ത്തി നിർത്തപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും ഇന്ത്യയിലെ മുഖ്യ രാഷ്ട്രീയപാർട്ടി ഇന്ദിരാകോൺഗ്രസ് തന്നെയാണു്. ആന്ധ്രപ്രദേശിലെ തെലുഗുദേശം, അസമിലെ ഗണസംഗ്രാമ പരിഷത്തു്, കാശ്മീരിലെ നാഷണൽ കോൺഫറൻസ്, തമിഴ്നാട്ടിലെ ഡി. എം. കെ. മുതലായ പാർട്ടികൾ അതതു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനെ വെല്ലുവിളിക്കുന്നുണ്ടെങ്കിലും അവയെല്ലാം പ്രാദേശികമായ അടിസ്ഥാനമേ ഉള്ളു. കോൺഗ്രസ്സിനെ എതിർക്കുന്ന അഖിലേന്ത്യാപാർട്ടികളായ സി. പി. ഐ. മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്, ലോക്ദൾ, ജനത എന്നിവയും ഏതാനും സംസ്ഥാനങ്ങളിൽ മാത്രമാണു് പറയത്തക്ക ജനപിന്തുണ നേടാൻ കഴിഞ്ഞിട്ടുള്ളതു്. അതിനാൽ, ചില സംസ്ഥാനങ്ങളിൽ അലോസരം സൃഷ്ടിക്കാനല്ലാതെ കേന്ദ്രഭരണത്തിൽനിന്നു കോൺഗ്രസ്സിനെ തുരത്തുവാൻ അവയെല്ലാറ്റിനും കഴിവില്ല. തിരഞ്ഞെടുപ്പുകാലത്തു് ഈ പ്രതിപക്ഷപാർട്ടികൾ ഉണ്ടാക്കുന്ന കൂട്ടുകെട്ടുകൾ, ആദർശാധിഷ്ഠിതങ്ങളല്ലാത്തതിനാൽ വിശ്വാസ്യത നേടുന്നുമില്ല. വല്ലപാടും തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയാൽത്തന്നെ, പ്രതിപക്ഷ പാർട്ടികളുടെ കൂട്ടുകെട്ടിനു് ഇന്ത്യയെ ഭരിക്കാൻ സാദ്ധ്യമാവില്ല എന്നതാണു് 1977–ൽ കേന്ദ്രത്തിൽ അധികാരത്തിൽവന്ന ജനതാഗവണ്മെന്റിനു നേരിട്ട ദയനീയമായ പരാജയത്തിൽനിന്നു നാം പഠിച്ച പാഠം. അതു മറക്കാൻ സമയമായിട്ടില്ല.

തെലുഗുദേശം പാർട്ടിയുടെ സ്രഷ്ടാവും സംരക്ഷകനുമായ എൻ. ടി. രാമറാവുവിന്റെ പിറന്നാളിനോടനുബന്ധിച്ചു്, ഒരു ദേശീയമേളയെന്ന നിലയിൽ വിജയവാഡയിൽ ഏഴു ദിവസം നീണ്ടുനിന്ന ഒരു 'മഹാനാടു്' 1988 മെയ്

അവസാനവാരത്തിൽ സംഘടിപ്പിക്കപ്പെടുകയുണ്ടായി. കാലിച്ചന്ത, കായിക മത്സരങ്ങൾ, കോലമിടൽ, ഇഡ്ഡലി ഭക്ഷണ മത്സരം, സിനിമാ പ്രദർശനം, നാടൻകലകൾ മുതലായവ കാണാനാണെങ്കിലും, പത്തുലക്ഷത്തോളം ജനങ്ങൾ ഈ മേളയിൽ വന്നെത്തുകയുണ്ടായത്രേ. ഇത്ര വലിയ തോതിൽ ഒരു മാമാങ്കം സംഘടിപ്പിക്കാൻ അടുത്തകാലത്തൊന്നും ഇന്ത്യയിൽ മറ്റൊരു രാഷ്ട്രീയകക്ഷിക്കും കഴിഞ്ഞിട്ടില്ല. മഹാനാട്ടിലെ രാഷ്ട്രീയസമ്മേളനം പ്രതീക്ഷിച്ചപോലെ രാമറാവുവിനെ തെലുഗുദേശംപാർട്ടിയുടെ അദ്ധ്യക്ഷപദവിയിൽ ഒരിക്കൽക്കൂടി ഉറപ്പിക്കുകയും അദ്ദേഹത്തിന്റെ നയപരിപാടികൾക്ക പൂർണമായ അംഗീകരണം നൽകുകയുംചെയ്തു.

ഈ സമ്മേളനത്തോടനുബന്ധിച്ച്, 1988 മെയ് 28–ാം തീയതി, കോൺഗ്രസ്സിനെ എതിർക്കുന്ന പത്തു രാഷ്ട്രീയകക്ഷികളുടെ നേതാക്കളുടെ ഒരു യോഗം വിജയവാഡയിൽ നടക്കുകയുണ്ടായി. ജനത, ലോക്ദൾ, സംഘടനാകോൺഗ്രസ്, ജനമോർച്ച, ബി.ജെ. പി., തെലുഗുദേശം, ഗണസംഗ്രാമപരിഷത്ത് തുടങ്ങിയവയായിരുന്നു ഈ കക്ഷികൾ. ഒരു വർഗീയകക്ഷിയെന്നു തങ്ങൾ കരുതുന്ന ബി. ജെ. പി.യുമായി കൂട്ടുചേരാനുള്ള വൈമുഖ്യം നിമിത്തം സി. പി. ഐ., സി. പി. എം. എന്നീ പാർട്ടികൾ ഈ യോഗത്തിൽ പങ്കെടുത്തില്ല. എങ്കിലും ആന്ധ്ര സംസ്ഥാനത്തിൽ സി. പി. എമ്മിന്റെ സെക്രട്ടറിയായ ബാലഗംഗാധരറാവുവും ആന്ധ്രനിയമസഭയിൽ സി. പി. എം. ഗ്രൂപ്പിന്റെ നേതാവായ രാഘവറെഡ്ഡിയും നേതൃയോഗത്തോടനുബന്ധിച്ചചേർന്ന പൊതുയോഗത്തിൽ പ്രസംഗിച്ചു. ഈ പൊതുയോഗത്തിൽ ഡി. എം. കെ. നേതാവായ കരുണാനിധിയും പങ്കെടുത്തിരുന്നു. അകാലിദൾ നേതാക്കൾ യോഗത്തിൽ സംബന്ധിക്കാതിരുന്നതു്, അവർ ജയിലിലായതുകൊണ്ടാണെന്നു വിശ്വസിക്കപ്പെടുന്നു. നേതൃയോഗത്തിൽ എൻ. ടി. രാമറാവു, രാമകൃഷ്ണ ഹെഗ്ഡേ, ദേവീലാൽ, അടൽബിഹാരിവാജ്പേയി, ബിജു പട്നായ്ക്ക് മുതലായവർ പ്രസംഗിച്ചു മധുദണ്ഡവതേ തയ്യാറാക്കിയതും യോഗം അംഗീകരിച്ചതുമായ പ്രമേയം, ഒത്തൊരുമിച്ച് പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ തോല്പിക്കുവാനുള്ള പ്രതിപക്ഷ പാർട്ടികളുടെ തീരുമാനം ഒരിക്കൽക്കൂടി പ്രഖ്യാപിച്ചു. ഇതാകട്ടെ പഴയ ഒരു ആഗ്രഹത്തിന്റെ ആവർത്തനം മാത്രമേ ആയിരുന്നുള്ളു.

അഭിപ്രായൈക്യമുള്ള ഇന്ത്യൻപ്രതിപക്ഷപാർട്ടികൾക്കെങ്കിലും പരസ്പരം ലയിച്ച് ഒന്നാകാൻ കഴിയുമോ? അതിനുള്ള തുടക്കമെന്നോണം കോൺഗ്രസ്സിനെ എതിർക്കുന്ന പ്രതിപക്ഷപാർട്ടികളിൽ ചിലവയെങ്കിലും അടുത്തുവരുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒരൊറ്റ ചിഹ്നം ഉപയോഗപ്പെടുത്തുമോ? വിജയവാഡ നേതൃയോഗത്തിൽ ഇങ്ങനെയൊരു നിർദേശം ഉന്നയിച്ചതു് ഒറീസ്സയിലെ ബിജുപട്നായക് ആയിരുന്നു. ജനതാ, ലോക്ദൾ, സംഘടനാകോൺഗ്രസ്, ജനമോർച്ച എന്നീ 'അഖിലേന്ത്യാ പാർട്ടികൾ' ഒരേ ഒരു തിരഞ്ഞെടുപ്പു ചിഹ്നം ഉപയോഗിച്ചു തുടങ്ങണമെന്നും, തെലുഗുദേശം, ദ്രാവിഡമുന്നേററക്കഴകം, അസമിലെ ഗണസംഗ്രാമപരിഷത്ത് എന്നീ പ്രാദേശിക പാർട്ടികൾ രണ്ടാംഘട്ടത്തിൽ ഈ 'മുന്നണി'യിൽ പ്രവേശിക്കണമെന്നും, ഈ മുന്നണി മൂന്നാം ഘട്ടമായി ഒരു വശത്തു ബി. ജെ. പി.യുമായും മറുവശത്തു് സി. പി. എം. സി. പി. ഐ. എന്നീ പാർട്ടികളുമായും സീററ് വിഭജന ധാരണകളിൽ എത്തിച്ചേരണമെന്നുമായിരുന്നു. ചുരുക്കത്തിൽ പട്നായ്ക്കിന്റെ നിർദേശം.

എന്നാൽ, ഈ ആശയം നേതൃയോഗത്തിനു സ്വീകാര്യമായില്ല. തങ്ങളുടെ സ്വന്തം മഹത്ത്വമോഹങ്ങളോ പാർട്ടികളുടെ വ്യത്യസ്ത വ്യക്തിത്വങ്ങളോ ബലികഴിക്കാൻ പ്രതിപക്ഷനേതാക്കൾ ഇന്നും തയ്യാറല്ല. അതിനാൽ, കോൺഗ്രസ്സിനു പകരം കേന്ദ്രത്തിൽ പ്രവർത്തനക്ഷമമായ ഒരു കൂട്ടുകക്ഷിഭരണം തങ്ങൾ സ്ഥാപിക്കുമെന്നു മാത്രമേ പ്രതിപക്ഷ കക്ഷികൾ ബഹുജനങ്ങളോടു പറയേണ്ടു

എന്നു് അടൽ ബിഹാരി വാജ്പേയി നിർദ്ദേശിച്ചു. കോൺഗ്രസ്സും ഏറെക്കുറെ ഒരു 'കൂട്ടുകക്ഷി'തന്നെയാണു്; അതിന്റെ ഉള്ളിൽ ഒരുപാടു ഗ്രൂപ്പുകൾ ഉണ്ടല്ലോ. ഇതിനർത്ഥം പ്രതിപക്ഷകക്ഷികൾ ഇപ്പോഴത്തെപ്പോലെ വിഘടിച്ചു നില്ക്കുകയല്ലാതെ ലയിച്ചു് ഒന്നാകുകയോ, ഒരു മുന്നണി സൃഷ്ടിച്ചു് ഒരൊററ ചിഹ്നവുമായി പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുകയോ ഇല്ല എന്നാണു്. എങ്കിലും കോൺഗ്രസ്സിന്റെ വിജയം ഉറപ്പിക്കുമാറു് ഈ പാർട്ടികൾ പരസ്പരം മത്സരിക്കുകയില്ല. സീററു് വിഭജനം സംബന്ധിച്ച ഒത്തുതീർപ്പുകളിലൂടെ നേരിട്ടൊരു മത്സരത്തിനു് അവർ കോൺഗ്രസ്സിനെ നിർബന്ധമാക്കും. ആറു സ്ഥാനാർത്ഥികൾ ഒരു സീററിനുവേണ്ടി മത്സരിക്കുമ്പോൾ ഇരുപതുശതമാനം വോട്ടുനേടിയ സ്ഥാനാർത്ഥി ജയിച്ചതായി പ്രഖ്യാപിക്കപ്പെടാൻ സാദ്ധ്യതയുണ്ടല്ലോ. ഇങ്ങനെ ന്യൂനപക്ഷ വോട്ടു് നേടിയാണു് പല കോൺഗ്രസ് സ്ഥാനാർത്ഥികളും ഇപ്പോൾ തിരഞ്ഞെടുപ്പിൽ ജയിക്കുന്നതു്. ഈ സ്ഥിതിവിശേഷം കുറെയെങ്കിലും ഒഴിവാക്കാൻ സീററുവിഭജന ധാരണകൊണ്ടു സാദ്ധ്യമായേക്കും. ബി. ജെ. പി. പാർട്ടി ഈ നിലപാടു് എടുത്തതിനെത്തുടർന്നു്, ഒരൊററ തിരഞ്ഞെടുപ്പു ചിഹ്നത്തെപ്പററിയുള്ള നിർദ്ദേശം വിജയവാഡയോഗം മുന്നോട്ടു വയ്ക്കുകയുണ്ടായില്ല. എന്നാൽ, ജൂൺ 16—നു പാർലമെൻറിലേക്കും സംസ്ഥാന നിയമസഭകളിലേക്കും നടക്കുന്ന ഉപതെരഞ്ഞെടുപ്പുകളിൽ ബഹുമുഖ മത്സരങ്ങൾ ഒഴിവാക്കി കോൺഗ്രസ്സിനെ പരാജയപ്പെടുത്താനുള്ള ദൃഢനിശ്ചയം യോഗം പ്രഖ്യാപിച്ചു.

സ്വതന്ത്രഭാരതം അംഗീകരിച്ചതു് ഏറെക്കുറെ ബ്രിട്ടീഷ് (വെസ്റ്റ് മിൻസ്റ്റർ) മാതൃകയിലുള്ള ജനാധിപത്യ ഭരണസമ്പ്രദായമാണല്ലോ. ഒരു ഭരണകക്ഷിയും ഒരു പ്രതിപക്ഷകക്ഷിയും ഏറെക്കുറെ തുല്യബലങ്ങളായി നിലകൊള്ളുമ്പോഴാണു് ഈ ഭരണസമ്പ്രദായം കാര്യക്ഷമമായി പ്രവർത്തിക്കുക. പക്ഷേ, ഇന്ത്യയിൽ വളരെക്കാലത്തോളം കോൺഗ്രസ്കക്ഷി പറയത്തക്ക എതിർപാർട്ടികളൊന്നുമില്ലാതെ നിലനിന്നു. ആ കക്ഷിയിൽ തകർച്ച ആരംഭിച്ചപ്പോഴാകട്ടെ, തുല്യശക്തിയുള്ള ഒരു എതിർകക്ഷി, ഭരണഭാരം ഏറെറടുക്കാനായി, രംഗത്തു് ഉണ്ടായിരുന്നുമില്ല. ഈ സ്ഥിതിക്കു് ഇന്നും പറയത്തക്ക മാററം ഉണ്ടായിട്ടില്ല. കോൺഗ്രസ്‌വിരുദ്ധപാർട്ടികൾ പരസ്പരം കൂടിയാലോചിക്കുമ്പോഴൊക്കെ അവ പരസ്പരം ലയിച്ചു് കോൺഗ്രസ്സിനെതിരെ ബലിഷ്ഠമായ ഒരു പ്രതിപക്ഷകക്ഷി ഉണ്ടായിത്തീരുമെന്നു് പലരും ആശിക്കാറുണ്ടു്. ഇത്തരമൊരു 'ധ്രുവീകരണം' ഇനിയും ഉണ്ടാകുന്നതായി തോന്നുന്നില്ല. രണ്ടു ധ്രുവങ്ങളിൽ ഒന്നായ കോൺഗ്രസ്സിനകത്തു പല പൊട്ടലുകളും വിള്ളലുകളും ഉണ്ടെന്നതു ശരിതന്നെ. എന്നാൽ, കോൺഗ്രസ് വിരുദ്ധധ്രുവത്തിൽ പൊട്ടലുകളും വിള്ളലുകളുമേ ഉള്ളു; യോജിപ്പിക്കുന്ന ഘടകങ്ങളൊന്നും ഇല്ല. വരുന്ന പൊതുതിരഞ്ഞെടുപ്പിൽ പ്രതിപക്ഷകക്ഷികൾ കോൺഗ്രസ് വിരോധമെന്ന പൊതുവേദിയിൽ ഒന്നിച്ചു്, ഒരുപക്ഷേ, രാജീവ് വിരോധമെന്ന ജനവികാരം ആളിക്കത്തിച്ചു് വോട്ടിനഭ്യർത്ഥിക്കുകയും തിരഞ്ഞെടുപ്പു കഴിയുന്നതോടെ പരസ്പരം വിഘടിച്ചും കലഹിച്ചും സ്വയം നശിക്കുകയും രാജ്യത്തെ നശിപ്പിക്കുകയുമെന്ന പ്രക്രിയ തുടരുകയുംചെയ്യുമെന്നാണു് തെലുങ്കുദേശം മഹാനാട്ടിലെ നേതൃയോഗത്തിൽ നടന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നതു്.

കോൺഗ്രസ്സിനെതിരെ എതിർകക്ഷികൾ പല ആരോപണങ്ങളും ഉന്നയിക്കുന്നുണ്ടു്. ഇവയിൽ പ്രധാനപ്പെട്ട ഒന്നു്, കോൺഗ്രസ്സിനകത്തു ജനാധിപത്യം ഇല്ലെന്നതാണു്. കോൺഗ്രസ്പാർട്ടിയിൽ ശരിയായ രീതിയിൽ മെമ്പർമാരെ ചേർക്കാതായിട്ടു വളരെ വർഷങ്ങളായി. വിശ്വാസ്യമായ മെമ്പർപ്പട്ടിക ഇല്ലാത്തതിനാൽ പാർട്ടിയുടെ ഔദ്യോഗികസ്ഥാനങ്ങളിലേക്കു തിരഞ്ഞെടുപ്പുകൾ നടത്താറില്ല. എല്ലാ ഔദ്യോഗികസ്ഥാനങ്ങളിലും വിരാജിക്കുന്നതു് കോൺഗ്രസ് അദ്ധ്യക്ഷൻ (രാജീവ്ഗാന്ധി) നോമിനേററ്ചെയ്ത

വ്യക്തികളാണ്. തങ്ങളുടെ ഔദ്യോഗികസ്ഥാനങ്ങൾ നിലനിർത്താൻ ഇവരിൽ പലരും കാണുന്ന ഏകമാർഗം നേതാവിനെ പുകഴ്ത്തുക എന്നതാണ്. അങ്ങനെ മുഖസ്തുതിക്കാരുടെ ഒരു സംഘമായി കോൺഗ്രസ് സംഘടന മാറിയിരിക്കുന്നു. ആ സംഘടനയ്ക്ക് ഒരു ഔദ്യോഗിക–ദേശീയ നയമോ പരിപാടിയോ ഇല്ല. അതിനാൽ സിദ്ധാന്തപരമായി കോൺഗ്രസ് നയപരിപാടികളെ സംഘടനയ്ക്കകത്തുനിന്നു വിമർശിക്കുക എന്ന പ്രശ്നവും ഉദ്ഭവിക്കുന്നില്ല. പാർട്ടിക്കകത്ത് എതിർപ്പ് മന്ത്രിമാരെ സ്ഥാനഭ്രഷ്ടരാക്കുന്നതിനുള്ള ഗൂഢാലോചനകൾ മാത്രമായി മാറിയിട്ടുള്ളത് ഈ പശ്ചാത്തലത്തിലാണ്. ഈ ആരോപണങ്ങൾ ഒക്കെ വളരെ വലിയ അളവിൽ സത്യമാണ്.

എന്നാൽ, കോൺഗ്രസ്സിനെതിരായ കക്ഷികളുടെ സ്ഥിതി എന്താണ്? അവയ്ക്കകത്ത് എത്രമാത്രം ജനാധിപത്യം ഉണ്ട്? കോൺഗ്രസ് വിരുദ്ധകക്ഷികളിൽ ഏററവും പ്രമുഖമായ തെലുഗുദേശം പാർട്ടിയുടെ (പാർലമെൻറിൽ അവരാണല്ലോ പ്രമുഖ പ്രതിപക്ഷ കക്ഷി) കാര്യംതന്നെ എടുത്തുനോക്കുക.

മുപ്പതു വർഷത്തിലേറെക്കാലം മുന്നൂറോളം ഫിലിമുകളിൽ പുരാണ കഥാനായകന്മാരുടെ റോളുകളിൽ അഭിനയിച്ച്, സാധാരണക്കാരായ തെലുങ്കന്മാരുടെ ദൃഷ്ടിയിൽ അർദ്ധദിവ്യത നേടിയ എൻ. ടി. രാമറാവു 'ശേഷമുള്ള ജീവിതം സമൂഹസേവനത്തിന് അർപ്പിക്കുന്നതിനുവേണ്ടി' തെലുഗുദേശം പാർട്ടി രൂപവല്ക്കരിച്ചത് 1982 മാർച്ചിലാണ്. ആന്ധ്രക്കാരായ കോൺഗ്രസ് നേതാക്കളുടെ അഴിമതിയും ജനപുച്ഛവും ദില്ലീസേവയും കണ്ടുമടുത്ത തെലുഗു ജനത രാമറാവുവിന് ആവേശകരമായ അംഗീകാരം നൽകി.

ആറു വർഷത്തിനുശേഷം ഇപ്പോൾ തെലുഗുദേശം പാർട്ടിയിൽ രണ്ടു വർഷത്തേക്ക് മുപ്പതു രൂപ വരിസംഖ്യ നൽകുന്ന രണ്ടു ലക്ഷത്തോളം സക്രിയ അംഗങ്ങളും, അത്രയും കാലത്തേക്കു രണ്ടു രൂപ വരിസംഖ്യ നൽകുന്ന മുപ്പതുലക്ഷത്തോളം സാധാരണ അംഗങ്ങളും ഉണ്ടത്രെ. വരിസംഖ്യയായി അംഗങ്ങളിൽനിന്ന് ഒരു കോടി അമ്പത്താറുലക്ഷം രൂപ പിരിഞ്ഞുകിട്ടിയതായി തെലുഗുദേശം പാർട്ടി കഴിഞ്ഞ ആണ്ടിൽ പ്രഖ്യാപിച്ചിരുന്നു. ഓരോ ഗ്രാമത്തിലും തന്റെ ആശയ ആദർശങ്ങളോട് യോജിക്കുന്ന എല്ലാ ആളുകളും യോഗം ചേർന്നു പ്രസിഡണ്ടും സെക്രട്ടറിയും മൂന്നുമുതൽ ഏഴുവരെ അംഗങ്ങളുമുള്ള ഒരു കമ്മിററി രൂപവൽക്കരിച്ച് ആ വിവരം ജില്ലയിലും തലസ്ഥാനത്തുമുള്ള തെലുഗുദേശം പാർട്ടിഘടകങ്ങളെ അറിയിക്കണമെന്ന് രാമറാവു നിർദ്ദേശിച്ചത് അനുസരിച്ചാണ് ഇത്രയും അംഗങ്ങൾ തെലുഗുദേശം പാർട്ടിയിൽ ചേർന്നിട്ടുള്ളത്. പിന്നീട് വില്ലേജ് ഘടകങ്ങളുടെ പ്രസിഡൻറ്മാർക്ക് മൂന്നു ദിവസത്തെ പരിശീലനം കേന്ദ്രഘടകം നൽകുന്നു; കേന്ദ്രഘടകം അയച്ച ഒരാളുടെ നേതൃത്വത്തിൽ മണ്ഡല (ബ്ലോക്ക്) ഘടകങ്ങൾ രൂപവൽക്കരിക്കപ്പെടുകയും ചെയ്യുന്നു.

നാല്പത്തിരണ്ടു പാർലമെൻറംഗങ്ങളും, ഇരുനൂറ് എം. എൽ. എ.മാരും, പത്തൊമ്പതു ജില്ലാപരിഷത്ത് ചെയർമാൻമാരും, പാർട്ടി ജില്ലാഘടകങ്ങളുടെ ഇരുപത്തഞ്ചു പ്രസിഡൻറുമാരും ഏഴുനൂറ് മണ്ഡൽ പരിഷത്ത് പ്രസിഡൻറുമാരും ആയിരത്തൊരുനൂറ് മണ്ഡൽ പാർട്ടി പ്രസിഡൻറുമാരും, നാല്പത്തഞ്ചു മുനിസിപ്പൽ ചെയർമാന്മാരും, തൊണ്ണൂററിയഞ്ച് മുനിസിപ്പൽ പാർട്ടി പ്രസിഡൻറുമാരും തെലുഗുയുവത, തെലുഗുമഹിള, തെലുഗുനാട് ട്രെയ്ഡ് യൂനിയൻ കൗൺസിൽ, തെലുഗുവിദ്യാർത്ഥി, തെലുഗുരെയ്ത്ത് (കടിയാൻ) തുടങ്ങിയ പോഷകസംഘടനകളുടെ നൂററിയിരുപത്തഞ്ചു പ്രതിനിധികളും പൊതുമേഖലാസ്ഥാപനങ്ങളിൽ ചെയർമാൻമാരായി പ്രവർത്തിക്കുന്ന ഇരുപത്തഞ്ചു പാർട്ടി പ്രവർത്തകരും, ജില്ലാസഹകരണബാങ്കുകളുടെ ഇരുപത്തഞ്ചു പ്രസിഡൻറുന്മാരും, ഇരുപത്തഞ്ചു ജില്ലാ മാർക്കററിങ്

സൊസൈററി പ്രസിഡൻറുമാത്രം അടങ്ങിയതാണ്‌ തെലുഗുദേശം പാർട്ടിയുടെ ജനറൽബോഡി. കൂടുതലും ഔദ്യോഗികഭാരവാഹികൾ അടങ്ങിയ ഈ ജനറൽബോഡിക്ക്‌ ഏതാണ്ടൊരു ഫാഷിസ്റ്റ്‌കൗൺസിലിൻെറ ഛായയാണുള്ളത്‌. തെലുഗുദേശം പാർട്ടിക്കകത്തു ജനാധിപത്യമില്ല; എതിരഭിപ്രായത്തിനു പ്രസക്തിയുമില്ല. 1982–ൽ ആദ്യത്തെ ജനറൽ സെക്രട്ടറിയായ ഉപേന്ദ്രയെ ജനറൽബോഡി തിരഞ്ഞെടുക്കുകയാണുണ്ടായത്‌. പിന്നീട്‌, 1986 മുതൽ ജനറൽ സെക്രട്ടറിയെ പ്രസിഡൻറ്‌ രാമറാവു നേരിട്ടു നിയമിക്കാൻ തുടങ്ങി. പാർട്ടിക്കകത്തു ജനാധിപത്യമോ ചർച്ചയോ ഇല്ലെന്ന ആരോപണത്തെ രാമറാവു നേരിടുന്നതു്‌ ഇങ്ങനെയാണ്‌. 'ഇതു പാർട്ടിയുടെ ആഭ്യന്തര കാര്യം. മററുള്ളവർ എന്തിനു്‌ ഇതിൽ താല്പര്യമെടുക്കണം? പാർട്ടിയിൽ സ്വാമ്യവും (ഏകാധിപത്യവും) സമൂഹത്തിൽ പ്രജാസ്വാമ്യവും (ജനാധിപത്യം) വേണമെന്നാണ്‌ എൻെറ അഭിപ്രായം.'

തെലുഗുദേശം പാർട്ടിയിലും മന്ത്രിസഭയിലും രണ്ടാം സ്ഥാനത്തുനിന്നിരുന്ന മുൻ കോൺഗ്രസ്സുകാരനായ ഭാസ്‌കരറാവു 1984 ആഗസ്റ്റിൽ രാമറാവുവിനെ സ്ഥാനഭ്രഷ്ടനാക്കി ഒരു ന്യൂനപക്ഷമന്ത്രിസഭ രൂപവല്ക്കരിച്ചു. 1987 നവംബറിൽ തെലുഗുദേശത്തിലെ മറെറാരു നേതാവായിരുന്ന ശ്രീനിവാസുലുറെഡ്ഡി രാമറാവുവിനെതിരെ പല ആരോപണങ്ങളുമുന്നയിച്ചു. പാർട്ടിക്കുള്ളിലെ ജനാധിപത്യത്തിൽ രാമറാവുവിനുണ്ടായിരുന്ന വിശ്വാസത്തെ ഈ സംഭവങ്ങൾ വല്ലാതെ ഉലച്ചുകളഞ്ഞു.

മന്ത്രിമാരും പാർലമെൻറംഗങ്ങളും എം. എൽ. എ. മാരും മററുമായ സ്വന്തം പാർട്ടിനേതാക്കളിൽ പലരെയുംപററി രാമറാവുവിനു നേരിട്ടറിയില്ല. സിനിമാനടനെന്ന നിലയിൽ തന്നെ ആരാധിച്ചിരുന്നവരിലാണ്‌ അദ്ദേഹത്തിനു്‌ ഏററവുമധികം വിശ്വാസം. ആദ്യമായി രാഷ്ട്രീയത്തിലേക്കു പ്രവേശിക്കുന്ന ഡോക്ടർമാർ വക്കീലന്മാർ മുതലായ 'പ്രൊഫെഷണലു'കളെയും അദ്ദേഹം വിശ്വസിക്കുന്നു. ജനത, ലോക്‌ദൾ മുതലായ പാർട്ടികൾ വിട്ട്‌ തെലുഗുദേശത്തിലേക്കു വരുന്നവരെയും അദ്ദേഹം വിശ്വസിക്കാൻ തയ്യാറാണ്‌. എന്നാൽ, മുൻ കോൺഗ്രസ്സുകാരെ വിശ്വസിക്കാൻ 1984–ലെ അനുഭവങ്ങൾക്കുശേഷം രാമറാവു സന്നദ്ധനല്ല. ഏറെക്കുറെ തൻെറ കുടുംബത്തെ ഭരിച്ചിരുന്നപോലെ അദ്ദേഹം പാർട്ടിയേയും ഭരിക്കുന്നു. ജനങ്ങൾക്കു തന്നോടുള്ള ആരാധനയാണ്‌ തൻെറ പാർട്ടിയംഗങ്ങൾക്കു വോട്ടു നേടിക്കൊടുക്കുന്നതെന്നു്‌ രാമറാവുവിനറിയാം.

പാർലമെൻറിൽ തെലുഗുദേശം പാർട്ടിയുടെ നേതാവായ ഉപേന്ദ്ര പറയുന്നു: 'രാമറാവുവാണ്‌ തെലുഗുദേശം പാർട്ടിയുടെ ജീവാത്മാവും പരമാത്മാവും. പാർട്ടിയെ അധികാരത്തിലേററിയതും അധികാരത്തിൽ നിലനിർത്തുന്നതും രാമറാവുവിൻെറ 'കരിശ്മ'യാണ്‌. രാമറാവുവിൻെറ സൽക്കീർത്തി നശിപ്പിക്കാൻ വക്രമാർഗങ്ങളിലൂടെ കോൺഗ്രസ്‌ ശ്രമിക്കുമ്പോൾ അദ്ദേഹത്തിൻെറ 'കരിശ്മ' മങ്ങാതെ നോക്കേണ്ടതു ഞങ്ങളുടെ ചുമതലയാകുന്നു.'

1988 മെയ്‌മാസത്തിൽ നടന്ന വിജയവാഡ മഹാനാട്ടിൽവെച്ച്‌ തൻെറ പാർട്ടിയംഗങ്ങളോട്‌ രാമറാവു പറഞ്ഞു: 'പാർട്ടി ഉണ്ടായതു്‌ എന്നോടൊപ്പമാണ്‌; അതു നശിക്കുകയാണെങ്കിൽ എന്നോടൊപ്പം നശിക്കും. മുപ്പതു വർഷം നീണ്ടുനിന്ന ഫിലിംജീവിതത്തിൽ ഞാൻ മുന്നൂറു പടങ്ങളിൽ അഭിനയിച്ചു. പടങ്ങളിൽ ഞാൻ ഏതു കഥാപാത്രങ്ങളായി അഭിനയിച്ചുവോ ആ കഥാപാത്രങ്ങളുടെയൊക്കെ നന്മ എന്നിലുള്ളതായി ജനങ്ങൾ വിശ്വസിക്കുന്നു. അത്തരം ഭാഗങ്ങൾ അഭിനയിച്ച ഒരാൾക്ക്‌ എങ്ങനെ നല്ലവനാകാതിരിക്കാൻ കഴിയും എന്നാണ്‌ അവർ ചോദിക്കുന്നതു്‌. ഈ നന്മ സമൂഹത്തിൽ പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'

രണ്ടു രൂപയ്ക്ക് ഒരു കിലോ എന്ന തോതിൽ രാമറാവുവിന്റെ സർക്കാർ ജനങ്ങൾക്ക് അരി നൽകി. ഒന്നിന് എണ്ണായിരം രൂപവീതം ചെലവുചെയ്ത് എട്ടുലക്ഷം വീടുകൾ പാവങ്ങൾക്ക പണിതുകൊടുത്തു. രാമറാവു വിളിക്കേണ്ട താമസം അഖിലേന്ത്യാ കോൺഗ്രസ്സിതര നേതാക്കൾ വിജയവാഡയിൽ പാഞ്ഞെത്തുന്നു. രാമറാവുവിനെ തെലുങ്കർ ആരാധിക്കുന്നതിൽ എന്തത്ഭുതം? അവരെ സംബന്ധിച്ചിടത്തോളം തെലുഗുദേശം പാർട്ടിയും രാമറാവും തമ്മിലൊരു വ്യത്യാസവുമില്ല.

പക്ഷേ, കോൺഗ്രസ്സിലെ ആഭ്യന്തര ജനാധിപത്യമില്ലായ്മയും ഏകാധിപത്യപ്രവണതകൾക്കും ഇത്തരം പാർട്ടിയാണോ പ്രതിവിധി? ആഭ്യന്തര ജനാധിപത്യത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏതു പ്രതിപക്ഷപാർട്ടിയുടെ നിലയാണ് ഇതിനേക്കാൾ മെച്ചം?

തമ്മിൽ ഭേദം തൊമ്മൻ (കോൺഗ്രസ് പാർട്ടി) എന്നു ജനങ്ങൾ ചിന്തിച്ചുപോയാൽ അതിന് അവരെ കുററം പറയാമോ?

(4 ജൂൺ, 1988)

# 26. രാഷ്ട്രീയ മോർച്ച

ജനത, ലോക്ദൾ, കോൺഗ്രസ്–എസ്., തെലുഗുദേശം, ജനമോർച്ച, അസംഗണപരിഷത്ത്, ദ്രാവിഡമുന്നേററക്കഴകം എന്നീ ഏഴു പാർട്ടികളുടെ നേതാക്കൾ 1988 ആഗസ്റ്റ് 7–ാം തീയതി ഡില്ലിയിൽ സമ്മേളിച്ച് 'രാഷ്ട്രീയ മോർച്ച' എന്ന ദേശീയക്കൂട്ടുമുന്നണി രൂപവല്ക്കരിച്ചിരിക്കുന്നു. 'മോർച്ച'യുടെ ചെയർമാൻ എൻ. ടി. രാമറാവുവാണ്; കൺവീനർ വി. പി. സിംഹ്. ഈ രണ്ടുപേർക്കും പുറമെ ദേവീലാൽ, അജിത്സിംഹ്, ബഹുഗുണ, ശരച്ചന്ദ്ര സിംഹ, പ്രഫുല്ലകുമാർ മഹന്ത, കരുണാനിധി, രാമകൃഷ്ണഹെഗ്ഡേ, ബിജു പട്ടനായക്, രാംധൻ എന്നീ വ്യത്യസ്ത പാർട്ടിനേതാക്കൾ അടങ്ങിയ ഒരു അദ്ധ്യക്ഷമണ്ഡലവും ബിജുപട്ടനായക് കൺവീനറായി ഒരു പ്രചാരണ (ക്യാംപെയ്ൻ) കമ്മിററിയും 'രാഷ്ട്രീയമോർച്ച'യ്ക്ക് ഉണ്ടാവും. സെപ്റ്റംബർ 16–ാം തീയതി മദ്രാസ്സിൽവെച്ച് 'രാഷ്ട്രീയമോർച്ച' ഔപചാരികമായി ഉദ്ഘാടനംചെയ്യപ്പെടും. കോൺഗ്രസ് പാർട്ടിയെ നിഷ്കാസനംചെയ്തു കേന്ദ്രഭരണം പിടിച്ചടക്കി ഇന്ത്യയിൽനിന്ന് അഴിമതിയും ദാരിദ്ര്യവും നിർമാർജനംചെയ്യുകയാണ് 'മോർച്ച'യുടെ പ്രഖ്യാപിതലക്ഷ്യം. അടുത്ത പൊതുതിരഞ്ഞെടുപ്പിൽ 'മോർച്ച' കോൺഗ്രസ്സിനെതിരായി എല്ലാ പാർലമെൻററി നിയോജകമണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കും. 'മോർച്ച'യുടെ ഘടകങ്ങളായ പാർട്ടികൾക്ക് അവയുടെ സ്വന്തം തിരഞ്ഞെടുപ്പുചിഹ്നങ്ങൾ ഉണ്ടാവുമെങ്കിലും പ്രകടനപത്രിക (മാനിഫെസ്റ്റോ) ഒന്നായിരിക്കും. ബഹുകോണമത്സരം ഒഴിവാക്കി നേരിട്ടുള്ള മത്സരത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥികളെ തോല്പിക്കുകയാണ് 'മോർച്ച'യുടെ യുദ്ധതന്ത്രം. ഭൂരിപക്ഷം വോട്ടുനേടിയതുകൊണ്ടല്ല വോട്ടുകൾ ഭിന്നിച്ചുപോകയാൽ ന്യൂനപക്ഷം വോട്ടുകൾ നേടിയ സ്ഥാനാർത്ഥികളുടെ മുൻപന്തിയിൽ എത്തിയതുകൊണ്ടാണു മുമ്പൊക്കെ അധികം കോൺഗ്രസ് സ്ഥാനാർത്ഥികളും ജയിച്ചു നിയമസഭയിൽ എത്തിയിട്ടുള്ളത്. ഇതിനു മുമ്പുനടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനും എതിർകക്ഷികൾക്ക് ആകെയും കിട്ടിയ വോട്ടുകളുടെയും സീററുകളുടെയും ശതമാനം നോക്കുക: